(സി) ഉണ്ടായിരുന്നു.

(ഡി) ആ അപേക്ഷകളെ അടിസ്ഥാനമാക്കി തറികളും നേരിട്ട് പരിശോധിച്ച് കാർഡുകളും നല്കുവാൻ തീരുമാനിച്ചിരിക്കുകയാണ്.

യാചക നിവാരണ കേന്ദ്രങ്ങൾ

*൯൫൪. (൫൨) ശ്രീ. സെബാസ്റ്റ്യൻ തോപ്പിൽ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ധനകാര്യമന്ത്രി സദയം മറുപടി നല്കുമോ.—

പ്രൈവറ്റ് ഏജൻസികളും നടത്തുന്ന യാചക ഭരിതനിവാരണകേന്ദ്രങ്ങൾക്ക് എന്തു തുകയാണ് ധനസഹായമായി നൽകുന്നത്?

നിയമവും, ധനകാര്യവും, റവന്യൂവും വകുപ്പുമന്ത്രി

(ശ്രീ. എ. ജെ. ജോൺ :) പ്രൈവറ്റ് ഏജൻസികളും നടത്തുന്ന യാചക ഭരിതനിവാരണകേന്ദ്രങ്ങൾക്ക് ആണ്ടൊന്നിന് ഏകദേശം ൫൯,൨൫൫ രൂപ ധനസഹായമായി നൽകുന്നു.

ഗവൺമെൻറ് വക കെട്ടിടം

*൯൯൦. (൫൪) ശ്രീ. കളത്തിൽ വേലായുധൻ നായർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തൃശ്ശിവപേരൂരുള്ള ഏതെങ്കിലും ഗവൺമെണ്ടുവക കെട്ടിടം ഒരു പ്രൈവറ്റ് കോളേജിൻെറ ആവശ്യത്തിനായി വിട്ടുകൊടുത്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതു കോളേജിനാണ്;

(സി) എന്തു വ്യവസ്ഥയിലാണ് കെട്ടിടം വിട്ടുകൊടുത്തിരിക്കുന്നത്;

(ഡി) ആ കെട്ടിടത്തിന് എന്തു വില വരും?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള :)

(എ) ഉണ്ട്.

(ബി) സെൻറ് തോമസ്സ് കോളേജിനു്.

(സി) ൨൫ കൊല്ലത്തെ പാട്ടവ്യവസ്ഥയിൽ സ്ഥലത്തിനു് മാസം ഒരു രൂപയും കെട്ടിടത്തിനു് മാസം ൫൦ രൂപയും.

(ഡി) ഉദ്ദേശം ൫൦,൦൦൦ രൂപ.

ഫാക്ടറി നിയമങ്ങൾ

*൯൯൬. (൭൦) ശ്രീ. പി. കെ. ഡിവർ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ലേബർമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂറിലും കൊച്ചിയിലും പ്രത്യേകം പ്രത്യേകം ഫാക്ടറി നിയമങ്ങളാണ് നിലവിലിരിക്കുന്നതെന്നു് ഗവൺമെൻറിനറിയാമോ;

(ബി) ഈ നിയമങ്ങളെ ഒന്നാക്കുന്നതിനുള്ള ശ്രമങ്ങൾ എന്താണ്?

വിദ്യാഭ്യാസവും, ഭക്ഷ്യവും, തൊഴിലും വകുപ്പുമന്ത്രി

(ശ്രീ. ടി. കെ. നാരായണപിള്ള) :

(എ) അറിയാം.

(ബി) കേന്ദ്രത്തിലെ ഫാക്ടറി ആക്ട് പാട്ട് ബി. സ്റ്റോറുകൾക്കും ബാധകമാക്കുന്നതിനുള്ള നിയമനിർമ്മാണം കഴിഞ്ഞിരിക്കുകയാണ്. അതു് നടപ്പിലാകുമ്പോൾ ഈ സ്റ്റോറിനു് പ്രത്യേകം ഒരു ഫാക്ടറി ആക്ടിൻെറ ആവശ്യമുണ്ടാകുകയില്ല.

LIBRARY ARCHIVES Kerala Legislative Assembly